**കേരള കാർഷിക സർവകലാശാല വാർത്തകൾ**
**(മെയ് 08 – മെയ് 14, 2020)**
**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2020 – 20** **Dt. 07.05.2020**

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

വിരിപ്പിൽ നെല്ല് നടുന്നതിന് ഞാറ്റടി തയ്യാറാക്കേണ്ട സമയമാണിത്. ആവശ്യത്തിന് മഴ കിട്ടി കഴിയുമ്പോൾ നിലമുഴുത് പൊടിക്കണം. ഒരു ചതുരശ്ര മീറ്ററിന് ഒരു കിലോഗ്രാം വീതം ചാണകപ്പൊടി ചേർത്ത് ഞാറ്റടി പാകപ്പെടുത്താം. ഒരേക്കർ നടുന്നതിന് 30 കിലോഗ്രാം നെൽവിത്തും, 5 കിലോഗ്രാം പയർ വിത്തും ചേർത്ത് വിതയ്ക്കണം. സ്യൂഡോമോണാസ് എന്ന ബാക്ടീരിയപ്പൊടി 10 ഗ്രാം എന്ന തോതിൽ ഒരു കിലോഗ്രാം നെൽവിത്തിൽ ചേർത്ത് യോജിപ്പിച്ചെടുക്കുന്നത് വിത്തിൽ കൂടി പകരുന്ന രോഗങ്ങളെ നിയന്ത്രിക്കാൻ സഹായിക്കും. ഞാറ്റടി തയ്യാറാക്കുമ്പോൾ ആദ്യ ഘട്ടത്തിൽ തന്നെ കളകളെ നിയന്ത്രിച്ചാൽ കരുത്തുറ്റ ഞാറുകൾ ലഭിക്കും.

മഴക്കാലം ആരംഭിക്കുന്നതോടുകൂടി തെങ്ങിൽ കൂമ്പുചീയൽ രോഗം ബാധിക്കാൻ സാധ്യതയുണ്ട്. മഴക്കാലത്തിന് മുമ്പായി തെങ്ങിന്റെ മണ്ട വൃത്തിയാക്കി 1% വീര്യമുള്ള ബോർഡോ മിശ്രിതം മുൻകരുതൽ എന്ന നിലയ്ക്ക് തളിയ്ക്കേണ്ടതാണ്. തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം കാണുവാൻ സാധ്യതയുണ്ട്. തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് (4G) – 20 ഗ്രാം, 200 ഗ്രാം മണലുമായി ചേർത്തതോ ഫിപ്രോനിൽ (0.3G) – 20 ഗ്രാം, 200 ഗ്രാം മണലുമായി ചേർത്ത മിശ്രിതമോ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറയ്ക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും (ജനുവരി, മെയ്, സെപ്റ്റംബർ/ഒക്ടോബർ) ഇത് ആവർത്തിക്കേണ്ടതാണ്.

കുരുമുളകിന് രണ്ടു വർഷത്തിലൊരിക്കൽ ഒരു ചുവടിന് 500 ഗ്രാം വീതം കുമ്മായം ചുറ്റും വിതറി മുപ്പല്ലികൊണ്ട് വേര് പൊട്ടിക്കാതെ കൊത്തിച്ചേർക്കണം. മണ്ണിന് നനവുണ്ടെങ്കിൽ വളവും ചേർക്കാം. ഒരു കൊടിക്ക് 10 കിലോഗ്രാം ജൈവവളം നൽകാം. ഇത് അഴുകി ചേരുന്നതോടെ 55 ഗ്രാം യൂറിയയും, 125 ഗ്രാം റോക്ക് ഫോസ്ഫേറ്റും, 125 ഗ്രാം പൊട്ടാഷും ഇട്ടു കൊടുക്കണം. കുരുമുളകു തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ മുൻകരുതലുകൾ എടുക്കേണ്ട സമയമാണിത്. ദ്രുതവാട്ടം വന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ചു മാറ്റി തീയിട്ടു നശിപ്പിക്കണം. ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിന്റെ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും. ഒരു കിലോഗ്രാം ട്രക്കോഡെർമ്മ 10 കിലോഗ്രാം വേപ്പിൻപിണ്ണാക്ക്, 100 കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവ ചേർത്ത് നല്ല തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്ത് കൂട്ടിക്കലർത്തി രണ്ടാഴ്ച്ചയിടണം. ഇടയ്ക്ക്

ഇളക്കി കൊടുക്കുകയും, ചെറിയ ഈർപ്പം നിലനിർത്താൻ വെള്ളം തളിയ്ക്കുകയും വേണം. അതിന് ശേഷം ഈ മിശ്രിതം ചെടിയുടെ ചുവട്ടിൽ ചേർത്ത് കൊടുത്താൽ ദ്രുതവാട്ടം വരാതിരിക്കുന്നതിന് ഒരു പരിധി വരെ സഹായിക്കും.

കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കേണ്ടതാണ്. വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്തതിനുശേഷം കുളിർക്കെ തളിക്കുക.

ആന്തൂറിയം ചെടികളെ രോഗങ്ങൾ വരാതെ സൂക്ഷിക്കാനായി മഴക്കാലത്തിനു മുമ്പ് തന്നെ പഴയതും അധികമുള്ളതുമായ ഇലകൾ കളഞ്ഞ് ചെടികളെ വൃത്തിയാക്കണം. നല്ല വളർച്ച കിട്ടുന്നതിനും കൂടുതൽ പൂവുണ്ടാകുന്നതിനും പഴയ ഇലകൾ മുറിച്ചു മാറ്റുന്നത് നല്ലതാണ്. കൂടാതെ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടികളിൽ തളിച്ചും ചുവട്ടിൽ ഒഴിച്ചും കൊടുക്കാം.

**<u>അറിയിപ്പ്</u>**

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ ഏതുതരം പഴം പച്ചക്കറിയും സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

**<u>നിബന്ധനകൾ</u>**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും മാത്രമേ ഈടാക്കുകയുള്ളൂ.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.
6. കൂടുതൽ വിവരങ്ങൾക്ക് 0487 2370773, 94947412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-

പ്രൊഫസർ & ഹെഡ്